ഉത്തരം

(എ & ബി) പ്രീ ഡിഗ്രി പ്രവേശനത്തിന് പട്ടികജാതിക്കാർക്ക് സംവരണം അനുവദിച്ചിരുന്നു. പിന്നോക്കക്കാർക്ക് സംവരണം അനുവദിച്ചിരുന്നില്ല.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കോളേജ് ലക്ചറർ നിയമനം പുനഃരാരംഭിക്കുന്നതിനുള്ള തീരുമാനം

115 (713) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ ഡിഗ്രി ഡീലിങ്ക് നടപടിമൂലം നിറുത്തിവച്ചിരുന്ന കോളേജ് ലക്ചറർ നിയമനം പുനഃരാരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) കോളേജുകളിൽ ലക്ചറർ തസ്തികയിൽ നിയമനം നടത്താത്തതുമൂലം പല വിഷയങ്ങളും പഠിപ്പിക്കുന്നതിന് അദ്ധ്യാപകരെ ലഭിക്കാത്ത സ്ഥിതി ഉളവായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ലക്ചറർ നിയമനം പുനഃരാരംഭിക്കുന്നതിന് ആവശ്യമായ ഉത്തരവ് ഉടനെ പുറപ്പെടുവിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) തീരുമാനിച്ചിട്ടില്ല.

(സി & ഡി) ഉണ്ട്. എന്നാൽ ക്ലാസ്സുകൾ മുടക്കം കൂടാതെ നടത്തുന്നതിന് അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിലേക്ക് ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാൻ കോളേജ് പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പ്രീ ഡിഗ്രി കോളേജുകളിൽ നിന്നും വെർപ്പെടുത്തിയതിനെ തുടർന്ന് നിരവധി അദ്ധ്യാപക തസ്തികകൾ കോളേജുകളിൽ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ അദ്ധ്യാപകരുടെ പുനരധിവാസ നടപടികൾ സർക്കാർ തലത്തിൽ നടന്നു വരികയാണ്. പുനരധിവാസ പ്രക്രിയ പൂർത്തിയാകുന്നതുവരെയാണ് നിയമനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്.

മഞ്ചേശ്വരം ഗോവിന്ദ പൈ മെമ്മോറിയൽ ഗവ:കോളേജിൽ നിലവിലുള്ള കോഴ്സുകൾ

116 (714) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗോവിന്ദ പൈ മെമ്മോറിയൽ ഗവ:കോളേജിൽ എത്ര ബിരുദ കോഴ്സുകൾ നിലവിലുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോളേജിൽ 1999-2000 അദ്ധ്യയന വർഷത്തിൽ ആരംഭിച്ച ബി. എസ്. സി. സ്റ്റാറ്റിസ്റ്റിക്സ് കോഴ്സ് പഠിപ്പിക്കാൻ എത്ര സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് ;

(സി) കോഴ്സ് തുടങ്ങി 4 വർഷം കഴിഞ്ഞിട്ടും ആദ്യ ബാച്ച് പുറത്തിറങ്ങിയിട്ടും സ്റ്റാറ്റിസ്റ്റിക്സ് ലക്ചററുടെ ഒരു സ്ഥിരം തസ്തികപോലും ഈ കോളേജിൽ സൃഷ്ടിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത കോളേജിൽ സ്റ്റാറ്റിസ്റ്റിക്സിൽ ഒരു സ്ഥിരം ലക്ചറർ തസ്തിക സൃഷ്ടിക്കാനുള്ള ആവശ്യവുമായി കോളേജ് യൂണിയൻ ചെയർമാൻ സർക്കാരിനെ എതിർ കക്ഷിയാക്കിക്കൊണ്ട് ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത റിട്ട് ഹർജിയിലെ ഹൈക്കോടതി ഉത്തരവു പ്രകാരം എത്രയും പെട്ടെന്ന് ഹർജിക്കാരന്റെ നിവേദനം പരിഗണിച്ചുകൊണ്ട് പ്രസ്തുത കോളേജിൽ ഒരു സ്റ്റാറ്റിസ്റ്റിക്സ് ലക്ചററുടെ സ്ഥിരം തസ്തിക സൃഷ്ടിച്ച് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാല് ബിരുദ കോഴ്സുകൾ നിലവിലുണ്ട്.

(ബി) സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടില്ല. ഗസ്റ്റ് ലക്ചറർമാരെ നിയമിച്ചാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പാലക്കാട് വിക്ടോറിയ കോളേജിലെ ഒരു സ്റ്റാറ്റിസ്റ്റിക്സ് ലക്ചററുടെ തസ്തിക മഞ്ചേശ്വരം ഗവ:കോളേജിലേക്ക് മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന സ്കൂളുകൾ

117 (715) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളാണ് ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്കൂളുകൾ ഏവ ; ഏതൊക്കെ കോഴ്സുകളാണ് അവിടെ പഠിപ്പിച്ചുവരുന്നത് ;

(സി) എത്ര സ്കൂളുകൾക്കാണ് സ്വന്തമായി കെട്ടിടവും അനുബന്ധ സൗകര്യവും ഉള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly